# യോഹന്നാൻ എഴുതിയ രണ്ടാം ലേഖനം

## മുഖവുര

ബൈബിളിലെ ഏറ്റവും ചെറിയ ലേഖനങ്ങളാണ് യോഹന്നാന്റെ രണ്ടും മൂന്നും ലേഖനങ്ങൾ. ഒന്നാം നൂറ്റാണ്ടിൽ റോമൻ സാമ്രാജ്യം രാജപാതകൾ കൊണ്ടു ബന്ധിപ്പിച്ചിരുന്നു. ക്രിസ്തുമാർഗ്ഗ പ്രചരണത്തിന് അതു സഹായക മായിത്തീർന്നു. അന്ന് എഴുതപ്പെട്ട ലേഖനങ്ങൾ ഉണ്ടായിരുന്നില്ല. അതുകൊണ്ട് സഞ്ചാരപ്രസംഗികൾ സഭകൾ സന്ദർശിക്കുന്ന പതിവുണ്ടായിരുന്നു. അവരുടെ യാത്രാവേളയിൽ വിശ്വാസഭവനങ്ങൾ അവരെ ആതിഥ്യ മര്യാദയോടെ സ്വീകരിക്കുകയും മാന്യമായി യാത്ര അയയ്ക്കുകയും ചെയ്തിരുന്നു. അന്നു ദുരുപദേഷ്ടാക്കന്മാർ വിശ്വാസികളുടെ ആതിഥ്യമര്യാദയെ ചൂഷണം ചെയ്തിരുന്നു. അവർ വിശ്വാസികളുടെ ഇടയിൽനിന്നും പുറപ്പെട്ടു പോയവരും ക്രിസ്തീയ മര്യാദകളെക്കുറിച്ച് അറിവുള്ളവരുമായിരുന്നു. അവരെ സ്വീകരിക്കുന്നതും ആതിഥ്യമര്യാദ കാണിക്കുന്നതും അപകടകരമാകുന്നു എന്ന് മുന്നറിയിപ്പു നൽകുവാനാണ് ഈ ലേഖനം എഴുതിയിട്ടുള്ളത്.

ദുരുപദേഷ്ടാക്കന്മാർ ക്രിസ്തുവിന്റെ ഉപദേശങ്ങളിൽ നിലനില്ക്കാതെ അതിനോടു കൂട്ടുന്നവരും കുറയ്ക്കുന്നവരുമാണ്. അവർ ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്നവരും ദൈവജനത്തെ വഞ്ചിക്കുന്നവരും ആകുന്നു (2 തിമൊ. 3:1-7). പ്രഥമ വീക്ഷണത്തിൽ ക്രിസ്ത്യാനികൾ എന്നു തോന്നത്തക്കവിധം അവർ അഭിനയിക്കുന്നു. അവരെ തിരിച്ചറിയുവാൻ വചനപരിജ്ഞാനം ആവശ്യമാകുന്നു. ദുരുപദേഷ്ടാക്കളെ പ്രോത്സാഹിപ്പിക്കുന്നത് അവരുടെ അബദ്ധോപദേശങ്ങൾ പ്രചരിക്കുവാൻ കാരണമാകും. അവരെ തിരിച്ചറിഞ്ഞ് ഒഴിഞ്ഞിരിക്കണം എന്നു യോഹന്നാൻ ബുദ്ധിയുപദേശം നൽകുന്നു.

എഴുത്തുകാരൻ യോഹന്നാൻ അപ്പൊസ്തലനാണെന്നു പൊതുവെ അംഗീകരിക്കുന്നു. ഭാഷാശൈലി, യോഹന്നാന്റെ സുവിശേഷത്തോടും ഒന്നാം ലേഖനത്തോടുമുള്ള സാദൃശ്യം, സഭാപിതാക്കന്മാരുടെ സാക്ഷ്യം എന്നിവ അതിനുള്ള തെളിവാകുന്നു. എ.ഡി. 90-ൽ എഫെസൊസിൽനിന്നും ലേഖനം എഴുതി എന്നു കരുതുന്നു.

ലേഖനം എഴുതിയത് ഒരു മാന്യവനിതയ്ക്കും അവളുടെ മക്കൾക്കുമാണ്. പേരു വയ്ക്കാത്ത ഒരു പ്രാദേശിക സഭയ്ക്ക് ഇത് എഴുതി എന്നു പല പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു. അന്നു സഭ പീഡനം സഹിച്ചിരുന്നതു കൊണ്ട് അതിൽനിന്നും വിടുതൽ ലഭിക്കുവാനാണ് ആലങ്കാരിക ഭാഷയിൽ എഴുതിയതെന്നു ചിലർ കരുതുന്നു. എന്നാൽ ആർക്ക് എഴുതി എന്ന് തീർത്തു പറയുവാൻ സാധ്യമല്ല.

## ലേഖന വിഭജനം

1. വന്ദനം (1-3)
2. സ്നേഹത്തിൽ നടക്കുക (4-6)
3. ദുരുപദേഷ്ടാക്കന്മാരെ ഒഴിഞ്ഞിരിക്കുക (7-13)

### അദ്ധ്യായം 1

## ആശംസ (1-3)

യോഹന്നാൻ അപ്പൊസ്തലൻ മാന്യനായികയ്ക്കും മക്കൾക്കും പിതാവായ ദൈവത്തിങ്കൽനിന്നും പുത്രനായ യേശുക്രിസ്തുവിങ്കൽനിന്നും സ്നേ ഹത്തിലും സത്യത്തിലും കൃപയും കനിവും സമാധാനവും ആശംസിച്ചു കൊണ്ടാണ് തന്റെ രണ്ടാം ലേഖനം ആരംഭിക്കുന്നത്. എഴുത്തുകാരൻ തന്നെ വിശേഷിപ്പിക്കുന്നതു 'മൂപ്പനായ ഞാൻ' എന്നാകുന്നു. മൂപ്പൻ എന്ന പദത്തിനു പ്രസ്ബിറ്ററോസ് എന്നാണ് ഗ്രീക്ക് ഭാഷയിൽ ഉപയോഗിച്ചിട്ടുള്ള വാക്ക്. അതിന്റെ അർത്ഥം മൂപ്പൻ, അദ്ധ്യക്ഷൻ, പാസ്റ്റർ എന്നാകുന്നു. സഭയെ പരി പാലിച്ചു നടത്തുന്നവർ എന്നു സാരം. യോഹന്നാൻ ഒരു അപ്പൊസ്തലനും മൂപ്പനും ആയിരുന്നു.

അന്നു ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെട്ടിരുന്നതുകൊണ്ടാണ് പേരു വെയ്ക്കാതെ ഈ ലേഖനം എഴുതിയതെന്നു ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. മാന്യവനിതയും മക്കളും സഭയെ കാണിക്കുന്നു എന്ന് അഭിപ്രായപ്പെടുന്നവരും ഉണ്ട്. എന്നാൽ 5,10,12 എന്നീ വാക്യങ്ങൾ ഇത് ഒരു വ്യക്തി തന്നെയാണെന്നു തെളിയിക്കുന്നുണ്ട്. എന്നാൽ അതു തീർത്തു പറയുവാൻ സാധ്യമല്ല. അവർ സത്യം അറിഞ്ഞിരുന്നവരും അതിന്റെ ഫലമായി അന്യോന്യം സ്നേഹിക്കുന്നവരുമായിരുന്നു. യേശു തന്നെ ക്രിസ്തു എന്നു വിശ്വസിക്കുന്നതാണ് സത്യം. സാക്ഷാൽ സത്യമായ ക്രിസ്തുവിനോടു ബന്ധപ്പെട്ട ഉപദേശത്തിൽ നിലനിൽക്കുന്നവർ എന്നു സാരം. അവർ പരിശുദ്ധാത്മാവുള്ളവരും സ്നേഹത്തിൽ വസിക്കുന്നവരുമത്രെ. അവർക്കു പിതാവായ ദൈവത്തിൽനിന്നും പുത്രനായ യേശുക്രിസ്തുവിൽനിന്നും കൃപയും കനിവും സമാധാനവും ആശംസിക്കുന്നു. യേശുക്രിസ്തു ദൈവപുത്രനല്ലെന്നു വാദിക്കുന്ന നോസ്റ്റിക്കുവാദികൾക്കുള്ള ശാസനയാണ് ഇവിടെ കാണുന്നത്. പിതാവ് സകല അനുഗ്രഹങ്ങളുടെയും ഉറവിടവും പുത്രൻ ആ അനുഗ്രഹ ങ്ങൾ ലഭിക്കുവാനുള്ള മാർഗ്ഗവും ആകുന്നു. ദൈവം കൃപാലുവാകുന്നു. അതു പാപികളോടു പ്രദർശിപ്പിക്കുന്ന സഹതാപത്തെയും സഹായത്തെയും കാണിക്കുന്നു. കൃപയാൽ നാം രക്ഷിക്കപ്പെട്ടവരും ജീവിക്കുന്നവരും ആണ്. കനിവ് അഥവാ കരുണ പാപികളോടുള്ള ദൈവത്തിന്റെ ആർദ്രതയെ കാണിക്കുന്നു. അതുകൊണ്ടു നമ്മുടെ പാപത്തിനു തക്ക ശിക്ഷ ലഭിക്കുന്നില്ല. സമാധാനം ക്രിസ്തുമൂലം പിതാവിനോടു

ണ്ടാകുന്ന ബന്ധത്തെ കാണിക്കുന്നു. ദൈവവിരോധികൾ അങ്ങനെ ദൈവമക്കളാകുന്നു. തൽഫലമായി ദൈവസമാധാനം അനുഭവിക്കുന്നു. കൃപ ലഭിച്ചവർക്കു മാത്രമേ സമാധാനം അനുഭവിക്കുവാൻ കഴികയുള്ളൂ. സ്നേഹത്തിന്റെ അടിസ്ഥാനം സത്യമാകുന്നു എന്ന് ഈ ലേഖന ത്തിൽ പ്രതിപാദിക്കുന്നു. സത്യത്തിൽ അടിസ്ഥാനപ്പെടാത്ത സ്നേഹം ലിബറലിസത്തിലേക്കും, സ്നേഹമില്ലാത്ത സത്യം ലീഗലിസത്തിലേക്കും നയിക്കും എന്ന് അഭിപ്രായപ്പെടുന്നു.

## സ്നേഹത്തെക്കുറിച്ചുള്ള പ്രബോധനം (4-6)

ദൈവമക്കൾ സത്യത്തിൽ നടക്കുവാൻ കല്പന ലഭിച്ചവരാകുന്നു. അത് ആദി മുതൽ ലഭിച്ച കല്പനയാണ്. നാം അന്യോന്യം സ്നേഹിക്കണം എന്നു ക്രിസ്തു കല്പിച്ചിരുന്നു (യോഹ. 13:34). ദൈവമക്കൾ ദൈവഹിത പ്രകാരം ജീവിക്കുന്നവർ ആകണം. അവർ ക്രിസ്തുവിനെക്കുറിച്ചുള്ള ഉപദേശസത്യങ്ങളിൽ നിലനിൽക്കുന്നതു സന്തോഷം ഉളവാക്കും (യോഹ. 13:17). മാന്യ നായികയുടെ മക്കളിൽ ചിലർ സത്യത്തിൽ നടക്കുന്നതു കണ്ട് അഥവാ അറി ഞ്ഞു യോഹന്നാൻ സന്തോഷിച്ചിരുന്നു. ഇവിടെ സത്യം, നീതിയും വിശുദ്ധിയുമുള്ള ജീവിതത്തെ കാണിക്കുന്നു.

ദുരുപദേഷ്ടാക്കന്മാർ പുതിയ അറിവു ലഭിച്ചവരെന്ന് അഭിമാനിക്കയും അത് അനുസരിക്കുവാൻ മറ്റുള്ളവരോടു കല്പിക്കയും ചെയ്തിരുന്നു. എന്നാൽ യോഹന്നാൻ വിശ്വാസികൾക്കു പുതിയ കല്പനയായിട്ടല്ല കർ ത്താവു നൽകിയ പഴയ കല്പനയായിട്ട് എഴുതി അപേക്ഷിക്കയാണ് ചെയ്തത്. കല്പിക്കുവാനുള്ള പരമാധികാരം ദൈവത്തിനു മാത്രമേ ഉള്ളൂ. ദൈവമക്കൾ സ്നേഹത്തിൽ അന്യോന്യം പ്രബോധിപ്പിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്നവരാണ്. അറിവും സ്നേഹവും അനുസരണവും അന്യോന്യബന്ധമുള്ളവയാകുന്നു. അറിയുമ്പോൾ സ്നേഹിക്കും, സ്നേഹം അനുസരണം ഉളവാക്കും. സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തിയാണ് (റോമർ 13:10). ന്യായപ്രമാണം ക്രിസ്തു രണ്ടു കല്പനകളിൽ സംഗ്രഹിച്ചിരിക്കുന്നു (മത്താ. 22:37-40). ദൈവത്തെ സ്നേഹിക്കുന്നവർ സഹോദരന്മാരെയും സ്നേഹിക്കുന്നവർ ആകും.

## ദുരുപദേഷ്ടാക്കന്മാരെക്കുറിച്ചുള്ള മുന്നറിയിപ്പ് (7-11)

7-ാം വാക്യത്തിൽ സ്നേഹത്തിൽ നീതിയും വിശുദ്ധിയുമുള്ള ജീവിതം നയിക്കേണ്ടതിന്റെ കാരണം വ്യക്തമാക്കിയിരിക്കുന്നു. ദുരുപദേഷ്ടാക്കളായ വഞ്ചകന്മാർ ലോകത്തിൽ പ്രവേശിച്ചിരിക്കുന്നു. അവർ ക്രിസ്തു ജഡത്തിൽ വന്നിട്ടില്ല എന്നു പറഞ്ഞുകൊണ്ട് അവനെ തിരസ്ക്കരിക്കുന്നവർ ആകുന്നു. നോസ്റ്റിക്കുവാദികൾ ഈ കൂട്ടർ ആയിരുന്നു. അവർ വിശ്വാസികളെ വഞ്ചിക്കുന്നവരാണ്. അതുകൊണ്ട് അപ്പൊസ്തലന്മാരുടെ അദ്ധ്വാനഫലമായി ഉണ്ടായിട്ടുള്ള ആത്മീയ അനുഗ്രഹങ്ങൾക്കു നഷ്ടം സംഭവിക്കാതിരിക്കത്തക്കവണ്ണം ദുരുപദേഷ്ടാക്കളുടെ വഞ്ചനയ്ക്കെതിരെ ജാഗരൂകരായിരിക്കുവാൻ ഉദ്ബോധിപ്പിക്കുന്നു. യേശുക്രിസ്തു ജഡത്തിൽ വന്ന ദൈവപുത്രൻ എന്ന സത്യം അംഗീകരിച്ചുകൊണ്ട് അവന്റെ ഉപദേശത്തിൽ നിലനിൽക്കാത്തവർക്ക് ആത്മീയ അനുഗ്രഹം നഷ്ടമാകും. ഇവിടെ നഷ്ടപ്പെടുന്നതു രക്ഷയല്ല പ്രത്യുത പ്രതിഫലം ആകുന്നു. ക്രിസ്തുവിനെക്കുറിച്ച് അപ്പൊസ്തലന്മാർ നൽകിയിട്ടുള്ള ഉപദേശത്തിൽ നിലനിൽക്കാതെ അതിനോടു കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നവർ ദൈവത്തോടു ബന്ധമില്ലാത്തവരും ദുരുപദേഷ്ടാക്കളും ആകുന്നു. ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കുന്നവരത്രെ യഥാർത്ഥ വിശ്വാസികൾ. അവർക്കു പിതാവിനോടും പുത്രനോടും ബന്ധമുണ്ട്.

## വിശ്വാസികൾക്കുള്ള നിർദ്ദേശങ്ങൾ

ദുരുപദേഷ്ടാക്കന്മാർ ദൈവജനത്തെ വഞ്ചിക്കുന്നവരാകയാൽ അവർക്ക് ആതിഥ്യമര്യാദ കാണിക്കരുതെന്നു മുന്നറിയിപ്പു നൽകിയിരിക്കുന്നു. അവർ ക്രിസ്തുവിന്റെ ദാസന്മാരായി കപടവേഷം ധരിക്കുന്നവരാണ്. അവരുടെ ഉപദേശം അപ്പൊസ്തലിക ഉപദേശങ്ങളുമായി നിരക്കുന്നതല്ല. അവരോടു വേർപ്പെട്ടിരിക്കണം. അവരെ സ്വീകരിക്കുന്നതും സൽക്കരിക്കുന്നതും അവരുടെ ദുഷ്പ്രവൃത്തികൾക്കു പങ്കാളികളും അതിനെ പ്രോത്സാഹിപ്പിക്കുന്നതുമായ പ്രവൃത്തിയാകുന്നു. ദുരുപദേഷ്ടാക്കന്മാർ സഭയിൽ ഉണ്ടായാൽ അവരെ മാറ്റിനിർത്തേണ്ട ചുമതല മൂപ്പന്മാർക്കുണ്ട്. അവർ അനുതപിക്കാതിരുന്നാൽ അവരെ സഭയിൽനിന്നു മുടക്കുകയും അവരോടുള്ള സംസർഗ്ഗം ഉപേക്ഷിക്കുകയും വേണം. എന്നാൽ അവിശ്വാസികളോടുള്ള സംസർഗ്ഗം ദൈവം വിലക്കുന്നില്ല. അത് അവരെ ക്രിസ്തുവിങ്കലേക്കു നയിക്കുവാൻ മുഖാന്തരം ആകണം.

(12,13) അപ്പൊസ്തലനു പല സത്യങ്ങളും പങ്കിടുവാനുണ്ടെങ്കിലും മുഖാമുഖം സംസാരിക്കുവാൻ ആഗ്രഹിക്കുന്നു. അതിഥിസൽക്കാരം സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും പ്രകടനം ആണ്. അതിനു തടസ്സമായിരിക്കുന്ന അടിസ്ഥാന സത്യങ്ങളെക്കുറിച്ചു നാം ബോധവാന്മാർ ആയിരിക്കണം. ദൈവവചനത്തിന്റെ ദൈവശ്വാസീയതയും അപ്രമാദിത്വവും (2 തിമൊ. 3:16), ക്രിസ്തുവിന്റെ കന്യകാജനനനിഷ്പാപാവസ്ഥയും (യെശ. 7:14; മത്താ. 1:18-25), ക്രിസ്തുവിന്റെ പ്രായശ്ചിത്തമരണം (2 കൊരി. 5:21), ക്രിസ്തുവിന്റെ രക്തം സകലപാപവും ശുദ്ധീകരിക്കുവാൻ മതിയായത് (എബ്രാ. 9:22; 1 യോഹ. 1:7), ക്രിസ്തുവിന്റെ ശരീരത്തോടുകൂടിയ പുനരുത്ഥാനം (1 കൊരി. 5:1-11), ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണവും മഹാപുരോഹിതശുശ്രൂഷയും (എഫെ. 4:7-10), ക്രിസ്തുവിന്റെ രണ്ടാം വരവ് (യോഹ. 14:1-3; 1 തെസ്സ. 4:13-18) എന്നീ ഉപദേശങ്ങൾ വിശ്വസിക്കാത്തവർ ദുരുപദേഷ്ടാക്കളും അവരോടു വിശ്വാസികൾക്കു സംസർഗ്ഗം ഉണ്ടാകുവാൻ പാടുള്ളതുമല്ല.

അപ്പൊസ്തലൻ, വിശ്വാസികളോടുള്ള സഖിത്വം തന്റെ സന്തോഷം പൂർണ്ണമാകുവാൻ കാരണമാകും എന്നു പ്രസ്താവിക്കുന്നു. യോഹന്നാൻ എഫെസൊസിൽ പാർത്തിരുന്ന ഭവനത്തിലെ മക്കളുടെ വന്ദനം അറിയിച്ചുകൊണ്ട് ലേഖനം ഉപസംഹരിക്കുന്നു. ദുരുപദേഷ്ടാക്കളായ സഞ്ചാരപ്രസംഗികളെ മനസ്സിലാക്കി അവർക്ക് ആതിഥ്യമര്യാദ കാട്ടരുതെന്ന് ഓർമ്മിപ്പിക്കുന്ന ലേഖനമാകുന്നു ഇത്.

* * *